ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/5671/2024-EA2 (EA)** **21-10-2025**

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - മാലിന്യ ശേഖരണ ഡ്രൈവിന്റെ നടത്തിപ്പ് - ജില്ലാതല നോഡൽ ഓഫീസർമാരുടെ യോഗം - സംബന്ധിച്ച്

സൂചന :- 1.ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പിൽ നിന്നുള്ള സർക്കുലർ നം.**K3/203/2024-HEDN** തീയതി:**26.09.2025.**
2.ഈ കാര്യാലയത്തിലെ ഇതേ നമ്പർ നടപടിക്രമം തീയതി:**09.10.2025.**
3.ഈ കാര്യാലയത്തിലെ ഇതേ നമ്പർ നടപടിക്രമം തീയതി:.**13.10.2025.**
**4.G.O.(Rt) No.479/2019/LSGD** തീയതി:**17.02.2021**
**5.G.O.(Rt) No.1673/2021/LSGD** തീയതി:**06.09.2021**

സംസ്ഥാനത്തെ സർക്കാർ/സർക്കാർ അനുബന്ധ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം/മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് ഓരോ സ്ഥാപനത്തിലും കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം മേൽ സൂചന ഉത്തരവുകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിലെ മാലിന്യ ശേഖരണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിനെ **(CKCL)** - നെ ചുമതലപെടുത്തിയിട്ടുണ്ട്. വായന **(2)** പ്രകാരം മാലിന്യ ശേഖരണ ഡ്രൈവിൻറെ ഫലപ്രദമായ നടത്തിപ്പിനായി ജില്ലാതല നോഡൽ ഓഫീസർമാരെ നിയമിച്ചു ഉത്തരവായിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതല നോഡൽ ഓഫീസർമാരെ പങ്കെടുടുപ്പിച്ചു കൊണ്ടുള്ള ഒരു യോഗം **22.10.2025** രാവിലെ **10** മണിക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ കോൺഫറൻസ് ഹാളിൽ വച്ച് കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി യോഗത്തിൽ മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

**JAYAPRAKASH P**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട

ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Jayaprakash P
Date: 21-10-2025 10:48:36